**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **09-10-2024 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ അധിക വരുമാനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. ജെ. വിനോദ്</th><th colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2016 മുതൽ നാളിതുവരെ എത്ര തവണ വാട്ടർ ചാർജ് ഉയർത്തിയിട്ടുണ്ട്; ഓരോ തവണയും എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത്;</td><td>(എ)</td><td>2016 മുതൽ നാളിതുവരെ ആകെ 3 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<br><br>1. സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.9/2021/ WRD dated 10-02-2021 പ്രകാരം 01/04/2021 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2. സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.9/2021/WRD dated 10-02-2021 പ്രകാരം 01/04/2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br>3. 03-02-2023 തീയതിയിലെ G.O.(MS)No.11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 2023 -ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ ഓരോ തവണയും ലഭിച്ച അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>നിരക്ക് വർദ്ധനവിലൂടെ ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞ അധിക വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (നിരക്ക് വർധനവിന് ശേഷം ഉപഭോക്താക്കളുടെ എണ്ണത്തിൽ വന്ന വ്യതിയാനം ഉൾപ്പെടെ)<br><br><table><tr><th>സാമ്പത്തിക വർഷം</th><th>ഡിമാൻഡ് (എൽ.എസ്.ജി. ഡി ഉൾപ്പെടെ) (കോടിയിൽ)</th><th>വ്യത്യാസം<br>(കോടിയിൽ)</th></tr><tr><td>2020-21</td><td>596.96</td><td></td></tr><tr><td>2021-22</td><td>694.30</td><td>2021 ഏപ്രിലിലെ നിരക്ക് വർദ്ധനവിലൂടെ ഡിമാന്റിൽ 97.34 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr><tr><td>2022-23</td><td>784.47</td><td>2022 ഏപ്രിലിലെ നിരക്ക് വർദ്ധനവിലൂടെ ഡിമാന്റിൽ 90.17 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr></table></td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | 2023-24 | 1434.45 | 2023 ഫെബ്രുവരിയിലെ നിരക്ക് വർദ്ധനവിലൂടെ ഡിമാന്റിൽ 649.98 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി. |

സെക്ഷൻ ഓഫീസർ